# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 223 — 14.02.2013 - ൽ മറുപടിക്ക്

## ആരോഗ്യ ശുശ്രൂഷാരംഗത്തുള്ള പെൺകുട്ടികളുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ ശുശ്രൂഷാരംഗത്ത് സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന കേരളത്തിലെ പെൺകുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് തയ്യാറാക്കപ്പെട്ട വിവിധ റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; | എ) പരിഗണിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സംസ്ഥാന തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുകയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | ബി) കേരളത്തിനകത്തുള്ള സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് ഡോ. ബലരാമൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാരിന് 50 ശുപാർശകളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത ശുപാർശകൾ പരിശോധിച്ച് വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ ജോലി ചെയ്തു വരുന്ന നഴ്സുമാരുടെ പ്രവർത്തന സമയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആരോഗ്യ- |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ-തൊഴിൽ വകുപ്പുകളുടെ പ്രതിനിധികൾ, നഴ്സിംഗ് കൌൺസിൽ രജിസ്ട്രാറുടെ പ്രതിനിധി, എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) എന്നിവരെ ഉൾപ്പെടുത്തി തൊഴിൽ വകുപ്പ്, 19.11.2012-ലെ സ.ഉ.(സാധാ) 1795/ 2012/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരി ച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സിറ്റിംഗ് നടത്തി സംഘടന കളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും തെളിവെടുപ്പ് നടത്തി വരുന്നു. |
| സി) | ഇക്കാര്യത്തിൽ കേന്ദ്ര നിലപാടിനെക്കുറിച്ച് ആരാഞ്ഞിട്ടുണ്ടോ ; | സി) | ഇല്ല. |
| ഡി) | ഈ രംഗത്ത് ധാരാളം മലയാളി പെൺകുട്ടികളുണ്ടെന്ന വസ്തുത കണക്കിലെടുത്ത് അവരുടെ പ്രശ്നങ്ങൾക്ക് അടിയന്തിര പ്രാധാന്യം നൽകുമോ ? | ഡി) | പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്ത് പ്രാധാന്യം നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ